പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4745 — 29/6/2012-ൽ മറുപടിയ്ക്ക്

ഇ.എം.എസ് ഭവന പദ്ധതി ലക്ഷ്യം കാണാതെ പോയതിന്റെ കാരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം: | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഇ.എം.എസ് ഭവന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ& ബി) | ഇ.എം.എസ് ഭവന പദ്ധതി കാലാവധി 31/3/12-ന് അവസാനിച്ചുവെങ്കിലും അതിനു മുമ്പായി കരാർ ഒപ്പിട്ട മുഴുവൻ ഗുണഭോക്താക്കൾക്കും വായ്പ ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ ആനുകൂല്യം തുടരുന്നതാണ്. |
| (ബി) | സർക്കാർ ഗ്യാരണ്ടിയോടെ പൂർത്തിയാക്കാൻ ഉദ്ദേശിച്ച പ്രസ്തുത ഭവന പദ്ധതി ലക്ഷ്യം കാണാതെ പോയതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ | | |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും ലഭിച്ച വായ്പയുടെ പലിശ സർക്കാർ നൽകുമെന്ന പ്രഖ്യാപനത്തിൽ നിന്നും സർക്കാർ പിൻമാറാൻ തീരുമാനിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇങ്ങനെ ഒരു ഉത്തരവ് ഇറക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ; | (സി & ഡി) | വായ്പയുടെ പലിശ സർക്കാർ നൽകുമെന്ന പ്രഖ്യാപനത്തിൽ നിന്നും സർക്കാർ പിൻമാറിയിട്ടില്ല. |
| (ഡി) | ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനെത്തുടർന്ന് അധികാരത്തിൽ എത്തിയ പുതിയ ഭരണ സമിതികൾ ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കാതിരുന്നതിന് സർക്കാർ ഉത്തരവ് കാരണമായിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഇ) | വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് നൽകുന്നതിനായി എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഇ) | 31/3/2012-വരെ എഗ്രിമെന്റ് വച്ച് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിലുള്ള ധനസഹായം നിലവിൽ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ